**Institute of Human Resources Development**
*(Established by Government of Kerala)*
Prajo'e Towers, Vazhuthacaud P O, Thiruvananthapuram- 695 014. Kerala.
Ph: +91 471 2322985, +91 471 2322501 Fax: +91 471 2322035
web: www.ihrd.ac.in. mail: director@ihrd.ac.in

## ഐ.എച്ച്.ആർ.ഡി ടെക്നിക്കൽ ഹയർ സെക്കൻററി സ്കൂൾ
## പ്ലസ് വൺ ക്ലാസുകളിലേക്കുള്ള പ്രവേശന വിജ്ഞാപനം

ഐ.എച്ച്.ആർ.ഡി.യുടെ നിയന്ത്രണത്തിലുള്ള ടെക്നിക്കൽ ഹയർ സെക്കൻററി സ്കൂളുകളിലെ ഈ അധ്യയന വർഷത്തെ പതിനൊന്നാം ക്ലാസ് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. **ihrd.kerala.gov.in/thss** എന്ന വെബ്സൈറ്റ് മുഖേന ഓൺലൈൻ ആയോ താൽപര്യമുള്ള സ്കൂളുകളിൽ നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. പ്രവേശനത്തിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട സ്കൂളുകളിൽ ലഭിക്കേണ്ട അവസാന തീയതി 24.07.2020 ആണ്. ഓൺലൈൻ ആയി അപേക്ഷിക്കുന്നവർ അപേക്ഷാ പ്രക്രിയ പൂർത്തിയാക്കിയ ശേഷം പ്രസ്തുത വെബ്സൈറ്റിൽ നിന്ന് പൂർണമായ അപേക്ഷ ഡൌൺലോഡ് ചെയ്യണം. ഈ അപേക്ഷയും അനുബന്ധ രേഖകളും 100 രൂപയുടെ രജിസ്ട്രേഷൻ ഫീസ് സഹിതം (പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 50 രൂപ) 24.07.2020 ന് വൈകിട്ട് 3.00 മണിയ്ക്ക് മുമ്പായി ബന്ധപ്പെട്ട സ്കൂളുകളിൽ സമർപ്പിക്കേണ്ടതാണ്. CBSE/ICSE വിഭാഗത്തിൽ നിന്നുള്ള അപേക്ഷകർക്ക് പ്രസ്തുത തീയതിക്ക് മുമ്പായി പത്താം ക്ലാസ് പരീക്ഷാ ഫലം പ്രസിദ്ധീകരിക്കാത്ത പക്ഷം അപേക്ഷ സമർപ്പിക്കുന്നതിന് യുക്തമായ അവസരം ലഭിക്കുന്നതാണ്.

ഐ.എച്ച്.ആർ.ഡിക്ക് കീഴിൽ സംസ്ഥാനത്ത് മുട്ടട (തിരുവനന്തപുരം-0471 2543888), അടൂർ (പത്തനംതിട്ട-0473 4224078), ചേർത്തല (ആലപ്പുഴ-0478 2552828), മല്ലപ്പള്ളി (പത്തനംതിട്ട-0469 2680574), പുതുപ്പള്ളി (കോട്ടയം-0481 2351485), പീരുമേട് (ഇടുക്കി-04869 232899), മുട്ടം (തൊടുപുഴ-04862 255755), കലൂർ (എറണാകുളം-0484 2347132), കപ്രശ്ശേരി (എറണാകുളം-0484 260116), ആലുവ (0484 2623573), വരടിയം (തൃശൂർ-0487 2214773), വാഴക്കാട് (മലപ്പുറം-0483 2725215), വട്ടംകുളം (മലപ്പുറം-0494 2681498), പെരിന്തൽമണ്ണ(0493-3225086), തിരുത്തിയാട് (കോഴിക്കോട്-0495 2721070) എന്നിവിടങ്ങളിലാണ് ടെക്നിക്കൽ ഹയർസെക്കൻഡറി സ്കൂളുകൾ നിലവിലുള്ളത്.

അപേക്ഷ സമർപ്പിക്കുന്നതിനുള്ള ലിങ്ക് ഐ.എച്ച്.ആർ.ഡി.യുടെ വെബ്സൈറ്റ് ആയ **ihrd.ac.in** ലും ലഭ്യമാണ്. വിശദവിവരങ്ങൾക്ക് email: **ihrd.itd@gmail.com**

Sd/-

തിരുവനന്തപുരം
08.07.2020

**ഡയറക്ടർ**

# ടെക്നിക്കൽ ഹയർ സെക്കൻഡറി

## പ്രൊഫഷണൽ വിദ്യാഭ്യാസത്തിലേക്ക് ഒരു ചവിട്ടുപടി

ഹയർ സെക്കണ്ടറി പഠന രംഗത്ത് അധികമാരും ശ്രദ്ധിച്ചിട്ടില്ലാത്ത ഒരു വിഭാഗമാണ് ടെക്നിക്കൽ ഹയർ സെക്കണ്ടറി. കേരളത്തിൽ IHRD യുടെ കീഴിലുള്ള 15 സ്കൂളുകളിൽ മാത്രമാണ് ഈ വിഭാഗത്തിൽ പഠനത്തിന് അവസരമുള്ളത്.

ശാസ്ത്ര സാങ്കേതിക വിഷയങ്ങളിൽ ഉന്നത വിദ്യാഭ്യാസം ലക്ഷ്യമിടുന്നവർക്ക് ചിട്ടയായ പരിശീലനം ചെറുപ്പത്തിലേ നൽകുക എന്ന ലക്ഷ്യവുമായിട്ടാണ് സംസ്ഥാന സർക്കാർ സ്ഥാപനമായ IHRD (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോർസ്സസ് ഡെവലപ്മെന്റ്) ടെക്നിക്കൽ ഹയർ സെക്കൻഡറി കോഴ്സ് വിഭാവനം ചെയ്തിട്ടുള്ളത്.

ഇലക്ട്രോണിക്സ് അടിസ്ഥാനമാക്കിയ ഫിസിക്കൽ സയൻസ്, ബയോളജി അടിസ്ഥാനമാക്കിയ ഇന്റഗ്രേറ്റഡ് സയൻസ് എന്നി രണ്ടു ഗ്രൂപ്പുകൾ ആണ് ഈ വിഭാഗത്തിൽ ഉള്ളത്. ഇംഗ്ലീഷിന് പുറമെയുള്ള രണ്ടാം ഭാഷ ഒഴിവാക്കിയിരിക്കുന്നു എന്നതാണ് പൊതു ഹയർ സെക്കണ്ടറിയുമായുള്ള പ്രധാന വ്യത്യാസം. പരീക്ഷ നടത്തുന്നതും സർട്ടിഫിക്കറ്റ് നൽകുന്നതുമെല്ലാം പൊതു വിഭാഗത്തിലേതു പോലെ സംസ്ഥാന ഹയർ സെക്കണ്ടറി വകുപ്പ് തന്നെയാണ്. IHRD യുടെ എൻജിനീയറിംഗ് കോളെജുകൾ ഉൾപ്പെടുന്ന 61 കോളേജുകളുടെ അക്കാദമിക പിന്തുണയും സഹകരണവും ഈ സ്കൂളുകൾക്കുണ്ട്.

ഇംഗ്ലീഷ്, കമ്പ്യൂട്ടർ സയൻസ് & ഐ.ടി, ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, ഇലക്ട്രോണിക് സിസ്റ്റംസ് എന്നീ വിഷയങ്ങൾ ഉൾക്കൊള്ളുന്ന ഫിസിക്കൽ സയൻസ് ഗ്രൂപ്പ് പ്രധാനമായും എൻജിനിയറിങ് അനുബന്ധ മേഖലകളിൽ തുടർ പഠനം ആഗ്രഹിക്കുന്നവർക്ക് ഒരു മികച്ച അടിത്തറ ലഭിക്കുന്ന രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്.

ഇംഗ്ലീഷ്, കമ്പ്യൂട്ടർ സയൻസ് & ഐ.ടി, ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, ബയോളജി എന്നി വിഷയങ്ങളുടെ കോമ്പിനേഷനായ ഇന്റഗ്രേറ്റഡ് സയൻസ് ഗ്രൂപ്പ് മെഡിക്കൽ, പാരാ മെഡിക്കൽ മേഖലകൾ ലക്ഷ്യം വയ്ക്കുന്നവർക്ക് കൂടി ഉള്ളതാണ്.

ഇംഗ്ലീഷിന് പുറമെയുള്ള എല്ലാ വിഷയങ്ങളിലും പ്രായോഗിക പരിശീലനം ഉൾപ്പെടുത്തിയിട്ടുള്ള സിലബസാണ് ടെക്നിക്കൽ ഹയർ സെക്കൻഡറി മുന്നോട്ടു വെക്കുന്നത്.

ടെക്നിക്കൽ ഹയർ സെക്കൻഡറി പഠനം വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് എഞ്ചിനിയറിംഗ്, മെഡിക്കൽ രംഗങ്ങളിൽ തുടർ പഠനം കൂടുതൽ സുഗമമായി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പൂർവ്വവിദ്യാർത്ഥികൾ സാക്ഷ്യപ്പെടുത്തുന്നു. ചിട്ടയായ പ്രായോഗിക പരിശീലനം ചെറുപ്പത്തിലേ ലഭിച്ചിട്ടുള്ളത് ഇവരെ തൊഴിൽ ദാതാക്കളായ വൻകിട ബഹുരാഷ്ട്ര കമ്പനികൾക്കും പ്രിയങ്കരരാക്കുന്നു. സാങ്കേതിക പഠനം താൽപര്യമില്ലാത്തവർക്ക് മറ്റു വിഷയങ്ങളിലും പഠനം തുടരാം.

മികച്ച സൗകര്യങ്ങളും അച്ചടക്കമുള്ള പഠനാന്തരീക്ഷവും നിലവിലുള്ള IHRD സ്കൂളുകൾ പൊതു സമൂഹത്തിനു മുന്നിൽ നല്ല പ്രതിച്ഛായയോടെ പ്രവർത്തിക്കുന്നവയാണ്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന അധ്യാപക-രക്ഷാകർതൃ സമിതികൾ ഇവയുടെ മറ്റൊരു പ്രത്യേകതയാണ്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സാങ്കേതിക സൗകര്യങ്ങൾ ക്രമമായി മെച്ചപ്പെടുത്തിയിട്ടുമുണ്ട്.

പിന്നാക്ക വിഭാഗത്തിൽ പെടുന്നവർക്ക് നിയമാനുസൃത ഫീസിളവ് ലഭിക്കും

ഏകജാലക സംവിധാനത്തിൽ ഉൾപ്പെടാത്ത ഈ സ്കൂളുകളിലേക്ക് നേരിട്ടാണ് അപേക്ഷിക്കേണ്ടത്.

SSLC/തത്തുല്യ യോഗ്യത നേടി കേരളത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകളിലേക്ക് പ്രവേശനത്തിന് യോഗ്യത നേടിയിട്ടുള്ളവർ പ്രവേശനത്തിന് അർഹരാണ്.